LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ : ഇപ്പോൾത്തന്നെ സാമ്പത്തിക സഹായം നൽകുന്നുണ്ട്. അത് സമയത്ത് കിട്ടുന്നില്ലെന്നുള്ള പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സാധാരണ സ്ത്രീകളുടെ പ്രശ്നമാണ് ഇവിടെ പ്രധാനമായും ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. എനിക്ക് ചോദിക്കാനുള്ളത് അവിവാഹിതരായ അമ്മമാരുടെ കാര്യമാണ്; പ്രത്യേകിച്ച് ആദിവാസി മേഖലയിലെ അവിവാഹിതരായ അമ്മമാരുടെ പ്രശ്നമാണ്. അത്തരം സ്ത്രീകളുടെ പുനരധിവാസത്തിനും അവരുടെ ജീവിതം മുന്നോട്ടു നയിക്കുന്നതിനും ഉതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : അതിനാവശ്യമായ ഒരു പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. അവർക്ക് വീട് കൊടുക്കാനും അവരുടെ കുട്ടികളെ നല്ല രീതിയിൽ വിദ്യാഭ്യാസം ചെയ്യിക്കാനും അവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പുതന്നെ അവർക്ക് വേണ്ടിയുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : സംസ്ഥാനത്ത് 10 ശതമാനം മാത്രം തുക വനിതാ വ്യവസായ പരിശീലനത്തിന് നീക്കിവച്ചത് അപര്യാപ്തമാണ്. സേവനമേഖലയിൽ കൂടിയുള്ള പണം ഈ വ്യവസായങ്ങൾക്ക് ഉൾപ്പെടുത്തിക്കൊണ്ട് വളരെ വയബിളായ മേജർ പ്രോജക്ടുകൾ വ്യക്തികൾക്ക് നൽകാതെ, വനിതാ വ്യവസായസംഘങ്ങൾ രൂപീകരിച്ച് നൽകിയെങ്കിൽ മാത്രമേ അത് പ്രായോഗികമാകുകയുള്ളൂ. വിപണി കണ്ടെത്താനും സാധനങ്ങളുടെ മാർക്കറ്റിംഗിനും പ്രൊഡക്ഷനും അത് ഉപകരിക്കുകയും ചെയ്യും. അതുകൊണ്ട് മേജർ പ്രോജക്ട്സിന് പ്രയോറിറ്റി നൽകാനുള്ള നിർദ്ദേശം സർക്കാർ നൽകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : ഇപ്പോൾ നടപ്പിലാക്കുന്ന പദ്ധതികളിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ മനസ്സിലാക്കി അവ കുറെക്കൂടി വയബിളാക്കാനുള്ള നടപടികളാണ് ഗവണ്മെന്റ് സ്വീകരിക്കുന്നത്. അതുകൊണ്ടുതന്നെ ഇപ്പോഴുള്ള കുറവുകൾ പരിഹരിച്ചുകൊണ്ട് മേജർ പ്രൊജക്ടുകൾ തുടങ്ങാൻ കഴിയുമോയെന്നുള്ളത് പരിശോധിക്കാവുന്നതാണ്.

2 (*122) ചെറുകിട വ്യവസായിക ഉൽപ്പന്നങ്ങളുടെ വിപണനം

ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായികൾ ഇന്ന് നേരിടുന്ന മുഖ്യപ്രശ്നങ്ങളിലൊന്ന് വിപണനത്തിന്റേതാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ചെറുകിട വ്യവസായ സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് വിപുലമായ വിപണന ശൃംഖല കണ്ടെത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ ചെറുകിട വ്യവസായ സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്താൻ സർക്കാർ എന്തെങ്കിലും സഹായം നൽകി വരുന്നുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) ചെറുകിട വ്യവസായ രംഗത്ത് സ്ത്രീകളുടെ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്)ചെറുകിട വ്യവസായ സംരംഭകരുടെ നേരിട്ടുള്ള വിപണന രീതി സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ചെറുകിട വ്യവസായ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾക്ക് വിപണി വികസിപ്പിച്ചുകൊടുക്കുകയെന്നത് സിഡ്കോയുടെ പ്രധാന പ്രവർത്തനങ്ങളിലൊന്നാണ്. ഇതിനായി ഒരു പ്രത്യേക വിപണന വിഭാഗംതന്നെ കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. വിവിധ ചെറുകിട യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ശേഖരിച്ച് സർക്കാർ വകുപ്പുകൾക്കും വിതരണം ചെയ്യുന്നു. കൂടാതെ ഈ യൂണിറ്റുകൾക്കുവേണ്ടി ടെണ്ടറുകളിൽ പങ്കെടുക്കുന്നുമുണ്ട്. ഇതിനുപുറമെ 22.4.98-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നമ്പർ 070/98/ഐ.ഡി.യുടെ വെളിച്ചത്തിൽ 20 ഇനങ്ങളിലായി വരുന്ന വിവിധ ചെറുകിട ഉൽപ്പന്നങ്ങൾ യൂണിറ്റുകളിൽ നിന്ന് ശേഖരിച്ച് നേരിട്ട് വിവിധ സർക്കാർ സ്ഥാപനങ്ങൾക്ക് കൊടുക്കുന്നതിനും സാധിക്കുന്നു.

(സി) ഉണ്ട്.

(ഡി) ന്യൂഡൽഹിയിൽ നടത്തുന്ന ഭാരത-അന്തരാഷ്ട്ര വ്യാപാരമേളകളിലും 'കേരക്സിൽ' മുഖാന്തിരമുള്ള വിവിധ അന്തരാഷ്ട്ര മേളകളിലും കേരളത്തിലെ ചെറുകിട വ്യവസായ മേഖലയിലെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിച്ചു വരുന്നുണ്ട്. ഇതിന്റെ ഫലമായി ലഭ്യമാകുന്ന ട്രേഡ് എൻക്വയറികൾ അനന്തര നടപടികൾക്കായി അപ്പോൾത്തന്നെ അതാത് വ്യവസായ സ്ഥാപനങ്ങൾക്ക് അയച്ചു കൊടുക്കുന്നുമുണ്ട്.

(ഇ) സർക്കാരിന്റെ പുതിയ വ്യവസായനയത്തിന്റെ വെളിച്ചത്തിൽ സംസ്ഥാനത്തെ ചെറുകിട യൂണിറ്റുകളുടെ, പ്രത്യേകിച്ച് ഉപഭോക്തൃ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വനിതാ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾക്ക് പരമാവധി വിപണി കണ്ടെത്തുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി വനിതാ വികസന കോർപ്പറേഷൻ, വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റികൾ എന്നിവയുമായി സഹകരിച്ച് ഉപഭോക്തൃ ഉൽപ്പന്ന വിപണന പദ്ധതി നടപ്പാക്കുന്നുണ്ട്. ഇതിന്റെ ആദ്യഘട്ടം കൊച്ചി കോർപ്പറേഷനിലെ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയുമായി സഹകരിച്ച് പ്രസ്തുത പ്രദേശത്ത് നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)അടുത്ത നടപടിയായി സംസ്ഥാനത്തെ മറ്റ് പ്രധാനപ്പെട്ട നഗരങ്ങളിൽ, പ്രത്യേകിച്ച് കോർപ്പറേഷൻ പ്രദേശങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

ശ്രീ. ടി.കെ. നൗഷാദ് : നമ്മുടെ ചെറുകിട വ്യവസായമേഖല നേരിടുന്ന മുഖ്യപ്രശ്നം ഉൽപ്പന്നങ്ങളുടെ വിപണനമാണ്. അതുപോലെ നിലനിൽപ്പും ഒരു പ്രധാന പ്രശ്നമാണ്. ഇന്ന് നമ്മുടെ രാജ്യത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഉദാരവൽക്കരണനയത്തിന്റെ ഫലമായി ചെറുകിട വ്യവസായങ്ങൾ ഓരോന്നും തകർന്നുകൊണ്ടിരിക്കുന്നു. നമ്മുടെ ചെറുകിട സ്ഥാപനങ്ങൾ സോഫ്റ്റ് ഡ്രിങ്ക്സ് സ്ഥാപനങ്ങളെല്ലാം പെപ്സിക്കോളയുടെയും കൊക്കോകോളയുടെയും വായിൽ അകപ്പെട്ടു കഴിഞ്ഞു. ഒരു സോഫ്ട് ഡ്രിങ്ക്സ് സ്ഥാപനവും നമ്മുടെ രാജ്യത്ത് കാണാനില്ല. ഈ രൂപത്തിൽ നിലനിൽക്കുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങൾക്ക് അതായത് ചെറുകിട വ്യവസായികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് ഏതു വിധത്തിൽ പരിഹാരം കാണാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീമതി സുശീലാ ഗോപാലൻ : ചെറുകിട വ്യവസായികൾ ഇന്ന് വിവിധ രീതിയിലുള്ള പ്രശ്നങ്ങൾ നേരിടുന്നു. ഉൽപ്പന്നങ്ങളുടെ വിപണനമാണ് ഏറ്റവും പ്രധാനമായിട്ടുള്ള പ്രശ്നം. അതിന് പരിഹാരം കാണുന്നതിന് വ്യാവസായികോൽപ്പന്നങ്ങളുടെ എക്സിബിഷനും ട്രേഡ് ഫെയറുകളും താലൂക്ക് ജില്ലാ-സംസ്ഥാന തലത്തിൽ നടത്തിവരുന്നുണ്ട്. അതുപോലെ തന്നെ വിദേശ വിപണിയിൽ അന്തർ സംസ്ഥാന വ്യാപാര-വിപണന മേളകളിൽ പങ്കെടുത്തു. കെയ്റോ, വിയറ്റ്നാം, ഒറീസ്സ എന്നിവിടങ്ങളിലെ എക്സിബിഷനുകളിൽ പങ്കെടുത്ത് വിപണനം കണ്ടെത്തുന്നതിനുള്ള, പ്രത്യേകിച്ച് നമ്മുടെ പ്രോഡക്ട്സ് ഇൻട്രോഡ്യൂസ് ചെയ്യുകയും അതുപോലെ തന്നെ വിപണനത്തിന് ആളുകളെ കണ്ടെത്താൻ ശ്രമം നടത്തുകയും ചെയ്തിട്ടുണ്ട്. ശ്രീലങ്കയിൽ മാർച്ചിൽ നടക്കുന്ന എക്സിബിഷനിൽ പങ്കെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 25 വ്യവസായികൾ രജിസ്റ്റർ ചെയ്തുകഴിഞ്ഞിട്ടുണ്ട്. ആവശ്യമായ വിപണന നടപടികൾ കൈക്കൊള്ളുന്നതിന് ഗവണ്മെന്റ് പരമാവധി ശ്രമം നടത്തുകയാണ്.

ശ്രീ. ടി.കെ. നൗഷാദ് : കേരളത്തിലെ ചെറുകിട വ്യവസായങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ നമ്മുടെ സർക്കാരിന്റെ ആവശ്യങ്ങൾക്കു വേണ്ടി, പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ആവശ്യമായി വരുമ്പോൾ, അവ കേരളത്തിലെ ചെറുകിട വ്യവസായസ്ഥാപനങ്ങളിൽ നിന്ന് തന്നെ വാങ്ങിക്കുന്നതിനുള്ള ഒരു നിർദ്ദേശം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ?

ശ്രീമതി സുശീലാ ഗോപാലൻ : സിഡ്കോ വഴി ഇവയുടെ ഉൽപ്പന്നങ്ങൾ വാങ്ങി ഗവണ്മെന്റിനും മറ്റ് സ്ഥാപനങ്ങൾക്കും കൊടുക്കുന്നതിനുള്ള ഒരു സംവിധാനം ഇന്ന് നിലവിലുണ്ട്. അത് ഫലപ്രദമായി നടന്നു വരികയാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ് : ചെറുകിട വ്യവസായ മേഖലയെ സംബന്ധിച്ചിടത്തോളം വിപണനം പോലെ തന്നെ പ്രധാനപ്പെട്ടതാണ് അസംസ്കൃത പദാർത്ഥങ്ങൾ അവർക്ക് ലഭ്യമാക്കുക എന്നുള്ളത്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ചെറുകിട വ്യവസായമാണ്. മെഴുകുതിരി നിർമ്മാണം. മെഴുകുതിരി നിർമ്മാതാക്കൾക്ക് ആവശ്യമായ മെഴുക് ലഭിക്കുന്നില്ല എന്ന പരാതിയുണ്ട്. ഇപ്പോൾ മദ്രാസിലെ റിഫൈനറിയിൽ നിന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

മെഴുക് കിട്ടുന്നത്. മദ്രാസിലെ റിഫൈനറി ആവശ്യത്തിന് മെഴുക് കൊടുക്കുന്നില്ല എന്നുള്ള പരാതി ഉയർന്നു വന്നിട്ടുണ്ട്. ഇത് പരിഹരിച്ചുകൊണ്ട് കേരളത്തിലെ പതിനായിരക്കണക്കിന് വരുന്ന മെഴുകുതിരി ഉൽപ്പാദകരെ രക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : മെഴുകിന്റെ കാര്യം അവസാനിച്ചതോടുകൂടി ഇങ്ങനെ ഗൗരവമായ ഒരു പ്രശ്നം വന്നിട്ടുണ്ട്. മദ്രാസിൽ നിന്ന് പരമാവധി മെഴുക് ലഭ്യമാക്കുന്നതിനുവേണ്ടി അവരുമായി ബന്ധപ്പെട്ട് സിഡ്കോ അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ് : ഏതെങ്കിലും ഒരു ചെറുകിട ഉൽപ്പന്നം മാർക്കറ്റ് പിടിച്ചാലുടനെ ആ സാധനം ഉൽപ്പാദിപ്പിക്കുന്ന നിലയിലേക്കാണ് ചെറുകിട വ്യവസായികൾ മാറിയിരിക്കുന്നത്. വ്യാപകമായ നിലയിൽ കേരളത്തിനകത്തും വെളിയിലും ഒരു മാർക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തുകയും അതു സംബന്ധിച്ച് പഠിക്കുന്നതിനുവേണ്ടി ഒരു ഏജൻസിയെ ചുമതലപ്പെടുത്തുകയും ചെയ്താൽ കേരളത്തിൽത്തന്നെ ചില പ്രത്യേക ജില്ലകൾക്ക് ചില പ്രത്യേക ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാൻ കഴിയും; ചില പ്രാദേശിക ഏരിയകളിൽ ഉൽപ്പന്നങ്ങൾ വിൽക്കാനും കഴിയും. ഇതു സംബന്ധിച്ച് പഠനം നടത്താൻ ഒരു ഏജൻസിയെ ചുമതലപ്പെടുത്തിക്കൊണ്ട് ആ നിലയ്ക്ക് ഒരു വിപണന സൗകര്യം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ചെറുകിട വ്യവസായങ്ങളുടെ പ്രശ്നങ്ങൾ വിശദമായി കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന ജില്ലാ ബ്ലോക്ക് തലങ്ങളിലുള്ള വ്യവസായവകുപ്പിലെ ഉദ്യോഗസ്ഥരെ, ഇതു സംബന്ധിച്ചുള്ള വിശദമായ വർക്ക്ഷോപ്പുകൾ നടത്തി, ബോദ്ധ്യപ്പെടുത്തുന്നതിനുള്ള പരിശ്രമം നടത്തിയിട്ടുണ്ട്. ഉൽപ്പന്നങ്ങൾ കൂടുതലായിട്ട് വിപണനം നടത്തുന്നതിനുള്ള പല നടപടികളും ഞങ്ങൾ എടുത്തു വരികയാണ്. തന്നെയുമല്ല, ഇന്ന് ഉൽപ്പാദിപ്പിക്കുന്നവയുടെ ക്വാളിറ്റി ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും ഉൽപ്പാദകരെ സഹായിക്കുന്നതിനും അതിന് ടെക്നോളജി അപ്പ്ടുഡേറ്റ് ആക്കാനും നടപടി എടുത്തുവരുന്നു. അടുത്തകാലത്ത് ഏഷ്യ പെസഫിക്ക് സെന്റർ ഫോർ ടെക്നോളജി ട്രാൻസ്ഫറുമായി ഒരു എഗ്രിമെന്റ് ഒപ്പിട്ടു ചെറുകിട വ്യവസായികളെ സഹായിക്കുന്നതിനുവേണ്ടി, നല്ല ടെക്നോളജി ഉപയോഗിച്ച് കൂടുതൽ നല്ല ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നത് മെച്ചപ്പെട്ട വിപണനത്തിന് സഹായകമാണ്. അതോടൊപ്പം തന്നെ വിപണന രംഗത്തെ പ്രശ്നങ്ങൾ പഠിച്ച് കാര്യങ്ങൾ ചെയ്യുന്നതിന് പ്രത്യേകമായ സംവിധാനം ഉണ്ടാക്കുന്ന കാര്യവും ആലോചിക്കാം.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : ഏതെല്ലാം മേഖലയിൽ ആരംഭിക്കുന്ന വ്യവസായങ്ങൾക്കാണ് ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയാതെ അടച്ചുപൂട്ടേണ്ടിവരുന്നത് എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയുള്ളവ പുനരുദ്ധരിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഞാൻ നേരത്തെ പറഞ്ഞതുപോലെ പഴയ സാങ്കേതികവിദ്യ ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ പലതിനും വിപണി കണ്ടെത്താനുള്ള വിഷമമുണ്ട്. പ്രത്യേകിച്ചും അവർക്കുതന്നെ വിപണനം നടത്താനുള്ള വിഷമങ്ങൾ ഉള്ളതുകൊണ്ടാണ് അതിന് പ്രത്യേകമായിട്ടുള്ള സംവിധാനം ഉണ്ടാക്കുന്നത്. സിക്ക് ആകുന്ന വ്യവസായങ്ങളെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

പഠനം നടത്തി ഏതാണ്ട് 4662 സ്ഥാപനങ്ങൾ കണ്ടെത്തി അവ പുനരുദ്ധരിക്കുന്നതിനുവേണ്ടി നടപടി എടുത്തു വരികയാണ്. എം.ബി.എ. യും അതുപോലെ തന്നെ എഞ്ചിനീയറിംഗ് ബിരുദമുള്ള ആളുകളെ 8,10 ജില്ലകളിൽ ഇപ്പോൾത്തന്നെ നിയമിച്ച് അതിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. ഈ വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിനും അവ നന്നായി നടത്തിക്കൊണ്ടുപോകുന്നതിനുള്ള വിദഗ്ദ്ധോപദേശം നൽകുന്നതിനും ഇവരെ ഉപയോഗപ്പെടുത്തി വരുന്നുണ്ട്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താനാകാതെ വിഷമിക്കുന്ന ചെറുകിട യൂണിറ്റുകൾ നടത്തുന്ന സ്ത്രീകളെ സംബന്ധിച്ചിടത്തോളം അവർ പുതിയ വ്യവസായ രംഗത്തേയ്ക്ക് വരാൻ മടിച്ചുനിൽക്കുകയാണ്. അവരെ ആധുനിക വ്യവസായ രംഗത്തേക്ക് ആകർഷിക്കുന്നതിനും വ്യവസായം തുടങ്ങുന്നതിന് അവർക്ക് ആത്മധൈര്യം പകരുന്നതിനും വേണ്ടി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇപ്പോൾത്തന്നെ അവർക്ക് പ്രത്യേകമായിട്ടുള്ള ചില മേഖലകളിൽ തൊഴിലവസരങ്ങൾ കൂടുതൽ ഉണ്ടാക്കുന്നതിനുള്ള നടപടികൾ എടുത്തുവരികയാണ്. ഇലക്ട്രോണിക് വ്യവസായ രംഗത്ത് കൂടുതൽ സൊസൈറ്റികൾ ഉണ്ടാക്കുന്നതിന് അവിടെ അവർക്ക് പരിശീലനം കൊടുത്ത് പ്രത്യേക സൊസൈറ്റി രൂപീകരിക്കുന്നതിന് നടപടി എടുക്കുന്നുണ്ട്. കൃത്രിമ വൈരക്കല്ല് ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു പ്രത്യേക സംവിധാനം ഖാദി ബോർഡിന്റെ കീഴിൽ ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓരോ മേഖലയിലും, പ്രത്യേകിച്ച് റെഡിമെയ്ഡ് ഗാർമെന്റ് മേഖലയിൽ ഫലപ്രദമായി ചില നടപടികൾ എടുത്തുവരികയാണ്. ചില മേഖലകളിൽ അതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കിക്കഴിഞ്ഞിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഉൽപ്പന്നങ്ങളുടെ വിപണനം, മറ്റ് കാര്യങ്ങൾ തുടങ്ങിയവ ഫലപ്രദമായി നടത്തുന്നതിനുള്ള നടപടികളാണ് എടുത്തുവരുന്നത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : നമ്മുടെ സംസ്ഥാനത്ത് ജനുവരി മാസം 1-ാം തീയതി കേരളാ ഗവണ്മെന്റ് പുതുതായി കൊണ്ടുവന്ന നികുതി എടുത്തുകളയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓട്, സോപ്പ് തുടങ്ങിയ മേഖലകളിൽ പണിയെടുക്കുന്ന നിരവധി ചെറുകിട വ്യവസായികൾ ഇന്നലേയും സെക്രട്ടേറിയറ്റ് നടയിൽ സമരം നടത്തി. ഈ സർക്കാരിന്റെ പുതിയ നയത്തിന്റെ ഫലമായി ചെറുകിട വ്യവസായങ്ങൾക്ക് ടാക്സ്, സെയിൽടാക്സ്, പർച്ചേസ് ടാക്സ് എന്നിവ വർദ്ധിച്ചിട്ടുണ്ട്. കേന്ദ്ര ഗവണ്മെന്റിന്റെ നിർദ്ദേശപ്രകാരം നിലവിലുള്ള പല കൺസഷൻസും എടുത്തു കളഞ്ഞു. സർക്കാർ നോട്ടിഫിക്കേഷൻ ഇറക്കി. അതിനും പുറമേ സർക്കാരിന്റെ ഇലക്ട്രിസിറ്റി നയത്തിന്റെ ഫലമായി, ഇവിടെ പ്രഖ്യാപിച്ച നയത്തിന്റെ ഫലമായി ഇലക്ട്രിസിറ്റി താരിഫ് വളരെയധികം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി സംസ്ഥാനത്തെ വ്യവസായങ്ങൾ പൂട്ടിക്കിടക്കുന്നു. 20,000 ത്തോളം ചെറുകിട വ്യവസായങ്ങൾ പൂട്ടുന്ന സാഹചര്യമുണ്ടായിരിക്കുന്നു എന്ന് എ.ഐ.ടി.യു.സി. സെക്രട്ടറി ദിവാകരൻ പറഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഈ വ്യവസായങ്ങൾ നിലനിൽക്കുന്നതിനുവേണ്ടി ടാക്സുകൾ ഒഴിവാക്കുവാൻ ഗവണ്മെന്റ് വേണ്ട ശ്രദ്ധപതിപ്പിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി സുശീലാ ഗോപാലൻ : ഈ പ്രശ്നങ്ങളെ സംബന്ധിച്ച് പഠിക്കാൻ ആവശ്യമായ നടപടികൾ എടുക്കുന്നുണ്ട്. ടൈൽ രംഗത്തെ പ്രത്യേക പ്രശ്നങ്ങളെ സംബന്ധിച്ച് ഈ അടുത്ത കാലത്ത് ഞാൻ മനസ്സിലാക്കി ക്ലേയ്ക്കുള്ള റോയൽറ്റി ഒഴിവാക്കിക്കൊണ്ട് താൽക്കാലിക നടപടികൾ എടുത്തിട്ടുണ്ട്. ഈ പ്രശ്നത്തെക്കുറിച്ച് ഗൗരവമായി പഠിച്ച്, ടൈൽ വ്യവസായത്തെ പുനരുദ്ധരിക്കുന്നതിന് മോഡൈണൈസേഷൻ അടക്കമുള്ള കാര്യങ്ങൾ ചെയ്യാൻ ആവശ്യമായ സഹായം ചെയ്യുന്നതിന് പ്രത്യേക സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. ഒരു കേന്ദ്ര സ്ഥാപനവുമായി ബന്ധപ്പെട്ട് അതിന്റെ ടെക്നോളജി ലഭിക്കുന്നതിന് വ്യവസായ വകുപ്പുമായി ചേർന്ന് ഒരു പ്രത്യേക പദ്ധതിക്ക് രൂപം കൊടുത്തുവരികയാണ്. അതിവേഗത്തിൽ, ഇതുപോലുള്ളു ഓരോ രംഗവും പരിശോധിച്ച്, ഈ വിഭാഗങ്ങളിലെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി ബന്ധപ്പെട്ടവരുമായി ചർച്ചചെയ്ത് പരിഹാരം എങ്ങനെ ഉണ്ടാക്കാൻ കഴിയും എന്നാലോചിച്ചു വരുന്നു. ജനുവരി ഒന്നാം തീയതി വന്ന പ്രശ്നമടക്കം പഠിക്കാതെ ഈ പ്രശ്നങ്ങളെ സംബന്ധിച്ച് പല പ്രസ്താവനകളും വന്നിരിക്കുന്നു. അത് പഠിച്ച് ആവശ്യമായ നടപടികളെടുക്കാൻ എന്ത് ചെയ്യാമെന്ന് ഗൗരവമായി ഗവണ്മെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. എം.വി. ജയരാജൻ : ചെറുകിട വ്യവസായ സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് വിദേശവിപണി കണ്ടെത്താൻ വേണ്ടി ഗവണ്മെന്റ് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ? വടക്കൻ ജില്ലകളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു രംഗമാണ് കൈത്തറി. കൈത്തറി വിദേശ വിപണിയെയാണ് പ്രത്യേകമായി ആശ്രയിക്കുന്നത്. അതിപ്പോൾ വലിയ പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. കേരളാ സ്റ്റേറ്റ് എക്സപോർട്ട് ട്രേഡ് കൗൺസിൽ മുഖേന കൈത്തറിക്ക് കുറച്ചുകൂടി വിദേശവിപണി കണ്ടെത്താൻ ഗവണ്മെന്റ് ശ്രമിക്കുമോ? വിദേശ വിപണി കണ്ടെത്തണമെന്നു പറയുമ്പോൾ ഉയർന്നുവരുന്ന ഒട്ടേറെ പ്രശ്നങ്ങളുണ്ട്.

ശ്രീമതി സുശീലാ ഗോപാലൻ : വളരെ സങ്കീർണമായ ഒരു പ്രശ്നമാണ്. പ്രത്യേകിച്ച് ഫൈബർ എഗ്രിമെന്റിന്റെ ഫലമായി വിദേശ വിപണിയിൽ നമ്മുടെ ഉൽപ്പന്നങ്ങൾ, പ്രത്യേകിച്ച് കൈത്തറി ഉൽപ്പന്നങ്ങളെല്ലാം ഇന്ന് വളരെ വലിയ കോംപറ്റീഷൻ നേരിടുകയാണ്. അതിന്റെ ഫലമായി അങ്ങോട്ട് കയറ്റി അയക്കാൻ തന്നെ ബുദ്ധിമുട്ട് നേരിടുന്നു. ഈ പ്രശ്നങ്ങളെല്ലാം അവലോകനം ചെയ്തുകൊണ്ട് ഇതിന് പരിഹാരം കാണാൻ 'കേരക്സിൽ' ശ്രമിക്കുന്നുണ്ട്. വിദേശ വ്യാപാര രംഗത്ത് ഇടപെട്ടും എക്സിബിഷനിൽ പങ്കെടുത്തും അവർ വിപണി കണ്ടെത്താൻ ശ്രമിക്കുന്നു. കേരക്സിലിനെ കൂടുതൽ ശക്തമാക്കുന്ന കാര്യങ്ങൾ തീർച്ചയായി ആലോചിക്കുന്നതാണ്.

ശ്രീ. ജി. കാർത്തികേയൻ : ഇൻഡ്യയിലെ ഏറ്റവും വലിയ ഉപഭോക്തൃ സംസ്ഥാനം കേരളമാണ്. മൾട്ടി നാഷണൽ കമ്പനികളും ദേശീയ തലത്തിലുള്ള കമ്പനികളും സോപ്പ്, ചീപ്പ്, കണ്ണാടി തുടങ്ങിയ സാധനങ്ങൾ വിറ്റഴിക്കുന്നുണ്ട്. ഇത്തരം ഉൽപ്പന്നങ്ങൾ കേരളത്തിൽ ചെറുകിട മേഖലയിലും ധാരാളം ഉണ്ടാക്കുന്നുണ്ട്. ഇന്ന് വ്യവസായ മേഖലയിലും നമ്മുടെ കുടുംബത്തിനകത്തും പരസ്യം ഒരു പ്രധാനപ്പെട്ട ഘടകമാണ്. ഇലക്ട്രോണിക്സ് മീഡിയയുടെ തള്ളിക്കയറ്റം വന്നതോടുകൂടി ഒരു സോപ്പ് വാങ്ങുന്നതിൽപ്പോലും ഇലക്ട്രോണിക്സ് മീഡിയ നമ്മുടെ മനസ്സിൽ വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. മൾട്ടിനാഷണൽ കമ്പനികൾ അവരുടെ ഉൽപ്പന്നങ്ങൾ ജനങ്ങളുടെയിടയിൽ എത്തിക്കാൻവേണ്ടി കോടിക്കണക്കിന് രൂപ പര

സ്യത്തിന് ചെലവഴിക്കുന്നുണ്ട്. അങ്ങനെ വരുമ്പോൾ മാർക്കറ്റിന്റെ ഈ തള്ളിക്കയറ്റത്തിൽ ചെറുകിട വ്യവസായികൾക്ക് അവരുടെ ഉൽപ്പന്നം ഏതെന്നുപോലും അറിയിക്കാൻ കഴിയുന്നില്ല. അങ്ങ് പറഞ്ഞു മാർക്കറ്റ് വളരെ പ്രധാനമാണെന്ന്. അത്തരമൊരു പ്രശ്നം വരുമ്പോൾ ഏതെങ്കിലും തരത്തിൽ ചെറുകിട ഉൽപ്പന്നങ്ങളെക്കുറിച്ച് ആളുകൾ മനസ്സിലാക്കാൻ, അവരെ സഹായിക്കാൻ പ്രചാരണ രീതി വഴിയായാലും ശരി അത്തരത്തിൽ ഏതെങ്കിലും ഒരു പദ്ധതിയെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : സംസ്ഥാനത്തെ എല്ലാ ജില്ലകളിലും അതുപോലെ തന്നെ നാഷണൽ തലത്തിലും എക്സിബിഷൻ നടത്തി അതിന് പ്രസിദ്ധീകരണം കൊടുക്കുന്നതിനാവശ്യമായ നടപടികളാണ് ഇപ്പോൾ ആലോചിക്കുന്നത്. ഓരോ സ്ഥലത്തേയും ഐ.ടി.ഐ. യുടെ സഹായം അടക്കം ഉപയോഗപ്പെടുത്തിക്കൊണ്ട് ഉൽപ്പന്നങ്ങളുടെ വിപണനത്തിനാവശ്യമായ സൗകര്യം ഓരോ പ്രദേശത്തും ഇന്ന് കുറെശ്ശെ ഉണ്ടാക്കി വരുന്നുണ്ട്. അത് കൂടുതൽ ശക്തിപ്പെടുത്തുന്ന കാര്യം ആലോചിക്കുന്നതാണ്.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : ചെറുകിട വ്യവസായ ഉൽപ്പന്നങ്ങളുടെ വിപണനമാണ് വലിയ പ്രശ്നമായി ഇവിടെ ചൂണ്ടിക്കാണിച്ചത്. അമേരിക്കയിൽ നിന്ന് 1429 ഐറ്റംസ് സാധനങ്ങൾ നികുതിയില്ലാതെ ഇവിടെ ഇറക്കുമതി ചെയ്യാൻ സൗകര്യം ചെയ്തുകൊടുത്തിരിക്കുന്ന ഈ സാഹചര്യത്തിൽ വൻകിട വ്യവസായങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്കുതന്നെ വിപണി നഷ്ടപ്പെട്ടുവരികയാണ്. അതിനോട് മത്സരിക്കാൻ ചെറുകിട വ്യവസായ ഉൽപ്പന്നങ്ങൾക്ക് സാധിക്കുകയില്ല. കഴിഞ്ഞ ആഴ്ച ചെറുകിട വ്യവസായങ്ങളുടെ ചുമതല വഹിക്കുന്ന കേന്ദ്രമന്ത്രി ശ്രീമതി വസുന്ധര അമേരിക്കയിൽ ചെയ്ത പ്രസ്താവനയിലൂടെ അമേരിക്കയിലുള്ള ചെറുകിട വ്യവസായികളോട് ഇൻഡ്യയിലേയ്ക്ക് വരാൻ അഭ്യർത്ഥിക്കുകയാണ് ചെയ്തത്. വൻകിട വ്യവസായങ്ങളെ ഇൻഡ്യയിൽ ആകെ തകർക്കുന്നതോടൊപ്പംതന്നെ ഈ ചെറുകിട വ്യവസായമേഖലയിലും വിദേശ രാജ്യങ്ങൾ, അമേരിക്കൻ മുതലാളിമാർ കടന്നുവന്ന് കൈയടക്കാൻ കേന്ദ്രഗവണ്മെന്റ് സൗകര്യം ചെയ്തുകൊടുത്തിരിക്കുന്നു. നമ്മുടെ രാജ്യത്തെ വൻകിട ചെറുകിടക്കാരായ വ്യവസായികൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ വിപണി നഷ്ടപ്പെടാനും അവ അടച്ചുപൂട്ടാനും ഇടയാകുകയാണ്. അതിനെതിരായി ഗവണ്മെന്റിന് എന്ത് ചെയ്യാൻ കഴിയുമെന്ന് പറയുമോ? ഇതു സംബന്ധിച്ച് സംസ്ഥാന ഗവണ്മെന്റിന്റെ അഭിപ്രായം എന്താണ്?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : സംസ്ഥാന ഗവണ്മെന്റ് ഇക്കാര്യത്തിൽ വളരെ ശക്തമായ നടപടി എടുക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് എടുക്കുന്ന നയത്തിന്റെ ഫലമായി ഉണ്ടാകുന്ന പ്രശ്നങ്ങളെപ്പറ്റി കേന്ദ്രമന്ത്രി ശ്രീമതി വസുന്ധരയുമായി നേരിട്ട് ഞാൻ സംസാരിക്കുകയും നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. ലിബറൈലൈസേഷൻ നയങ്ങൾക്ക് എതിരായി വളരെ ശക്തമായ പ്രതിഷേധവും പ്രക്ഷോഭവും ഈ രാജ്യത്ത് വളർന്നുവന്നാൽ മാത്രമേ ഈ നയത്തെ പരാജയപ്പെടുത്താൻ കഴിയൂ. അതിനാവശ്യമായ രീതിയിൽ നേരിട്ട് അവയുടെ വിപണി ശക്തിപ്പെടുത്താനും മറ്റും നമുക്ക് ചെയ്യാവുന്നതെല്ലാം ചെയ്യുന്നതാണ്. പക്ഷേ ലിബറലൈസേഷൻ നയത്തെ അതിശക്തമായി എതിർത്ത് പരാജയപ്പെടുത്തിയാൽ മാത്രമേ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.സി. ജോസഫ് : ചെറുകിട വ്യവസായ മേഖലയിൽ നേരിട്ടു കൊണ്ടിരിക്കുന്ന ഒരു ഗൗരവതരമായ പ്രശ്നമാണ് വൈദ്യുതി ചാർജ്ജിൽ ഉണ്ടാകുന്ന വർദ്ധനവ്. നേരത്തെ ആദ്യത്തെ 5 കൊല്ലം ചെറുകിട വ്യവസായങ്ങൾക്ക് വൈദ്യുതി ചാർജ്ജിൽ ഇളവ് അനുവദിച്ചിരുന്നു. ഇപ്പോൾ നമ്മളും അതെടുത്തു കളയുന്നതുകൊണ്ട് അടിക്കടിയുണ്ടാകുന്ന ചാർജ് വർദ്ധനവ് ചെറുകിട വ്യവസായങ്ങൾക്ക് താങ്ങാൻ പറ്റാത്ത അവസ്ഥയിലെത്തിയിട്ടുണ്ട്. വ്യവസായങ്ങളുടെ വൈദ്യുതി ചാർജ്ജ് വർദ്ധനവിൽ എന്തെങ്കിലും ഒഴിവ് കിട്ടാൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. അതാണ് ഞാൻ നേരത്തേ പറഞ്ഞത്. ഈ പ്രശ്നങ്ങളെ സംബന്ധിച്ച് ഗവണ്മെന്റ് വിശദമായ പഠനം നടത്തി അവലോകനം നടത്തി തീരുമാനമെടുക്കുന്നതിനാവശ്യമായ നടപടി എടുക്കാൻ ശ്രമിക്കും.

ശ്രീ. ടി.കെ. ബാലൻ : നമ്മുടെ സംസ്ഥാനത്ത് നിരവധി അനാഥാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കായി പുനരധിവാസ കേന്ദ്രങ്ങൾ ഉണ്ട്. അവിടെയെല്ലാം വിവിധ തരത്തിലുള്ള ചെറുകിട സംരംഭങ്ങൾ ഉണ്ട്. ഈ കുട്ടികളെ പരിശീലിപ്പിക്കാൻ വേണ്ടി സോപ്പ്, മെഴുകുതിരി, നോട്ട് ബുക്ക് എന്നിവയുടെ നിർമ്മാണം, ഇലക്ട്രോണിക് അസംബ്ളിംഗ്, കൈത്തറി, നെയ്ത്ത് ഇതൊക്കെ അവിടെ നടത്തുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങളിൽ ചെറുകിട സംരംഭത്തിന് അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കാനും വിപണനത്തിന് എന്തെങ്കിലും സ്പെഷ്യൽ ഇൻസെന്റീവ് കൊടുക്കാനും സാമൂഹ്യക്ഷേമ വകുപ്പിന്റെകൂടി ചാർജ്ജ് വഹിക്കുന്ന മന്ത്രി ആലോചിക്കുന്നുണ്ടോ?

ശ്രീമതി സുശീലാ ഗോപാലൻ : അത് പരിശോധിക്കാം. ഇതുവരെ ഈ പ്രശ്നം നമ്മുടെ മുന്നിൽ വന്നിട്ടില്ല. എന്ത് ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കുന്നതാണ്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : ചെറുകിട വ്യവസായ സംരംഭകർക്ക് പലപ്പോഴും ബാങ്കുകളിൽ നിന്ന് യഥാസമയം സാമ്പത്തികമായ സൗകര്യങ്ങൾ ലഭിക്കുന്നില്ലെന്ന് നിരന്തരമായി പരാതിയുണ്ടാകുന്നുണ്ട്. അത് കൃത്യമായി ലഭ്യമാകുന്നതിന് വേണ്ട ശക്തമായ നടപടികൾ കൈക്കൊള്ളുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ചെറുകിട വ്യവസായികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് ഏൽപ്പിച്ചിരിക്കുന്ന കമ്മിറ്റി ഓരോ ജില്ലയിലും പ്രവർത്തിക്കുന്നുണ്ട്. ഒരു എഞ്ചിനീയറും, ഒരു എം.ബി.എ.ക്കാരനും കമ്മിറ്റിയിൽ ഉണ്ട്. അവർ പ്രശ്നങ്ങൾ പഠിച്ച്, പ്രത്യേകിച്ച് ബാങ്കുകളുമായി ബന്ധപ്പെട്ട് എങ്ങനെ സഹായങ്ങൾ കൊടുപ്പിക്കാമെന്നതിനു വേണ്ട സമ്മർദ്ദം ചെലുത്തുന്നതിനും ഈ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് ഇന്ന് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. എൻ. കണ്ണൻ : നമ്മുടെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് മാർക്കറ്റിംഗാണ് പ്രധാനപ്പെട്ട പ്രശ്നം. വിദേശരാജ്യങ്ങളിലുള്ളതുപോലെ 'നെറ്റ് മാർക്കറ്റിംഗ് സമ്പ്രദായം' ചെലവുകുറഞ്ഞ രീതിയിൽ സംഘടിപ്പിക്കുന്നതിനുവേണ്ടി ആലോചന നടത്തുന്നുണ്ടോ, ഉണ്ടെങ്കിൽ അതെന്താണെന്ന് വ്യക്തമാക്കുമോ? അതായത് പുതിയ സ്ഥാപനങ്ങൾ ആരംഭിക്കാതെതന്നെ വ്യവസായികൾ തമ്മിൽ ഉൽപ്പന്നങ്ങൾ കൈമാറുന്ന സമ്പ്രദായമാണത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി സുശീലാ ഗോപാലൻ : അക്കാര്യം ഇതുവരെ പരിശോധിച്ചിട്ടില്ല. പരിശോധിച്ച് വേണ്ട കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കാം.

ശ്രീമതി കെ.ആർ. ഗൗരി അമ്മ : ശ്രീ. ആനത്തലവട്ടം ആനന്ദന്റെ ചോദ്യത്തിന് മറുപടിയായി കേന്ദ്രമന്ത്രി വസുന്ധര അമേരിക്കയിൽ പോയി അവിടത്തെ വ്യവസായികളെ ക്ഷണിച്ചതായി പറയുകയുണ്ടായി. അങ്ങനെ ക്ഷണിച്ചത് ഇല്ലാതാക്കാൻ എന്തോ നടപടിയെടുക്കാൻ പോകുന്നുവെന്ന് പറയുകയുണ്ടായി. അങ്ങനെയാണെങ്കിൽ ഈ മന്ത്രിമാർ വിദേശത്തുപോയി അവിടെയുള്ള ആളുകളെ ക്ഷണിക്കുന്നത് എന്തിനാണ്? വ്യവസായം സംരംക്ഷിക്കുന്നതിന് ആവശ്യമായ നടപടികളെടുക്കണം. കയറ്റുമതി മാത്രമല്ല പ്രശ്നം, മറ്റനേകം പ്രശ്നങ്ങളുണ്ട്; ടെക്നോളജിയുടെ പ്രശ്നമുണ്ട്. ഇൻഫ്രാസ്ട്രക്ച്ചർ ഇല്ലാത്തതുകൊണ്ട് ധാരാളം പ്രശ്നങ്ങളാണ് ഉണ്ടാകുന്നത്. ആ പ്രശ്നങ്ങൾ നേരിടുന്നതിന് എന്ത് നടപടികളാണെടുക്കുന്നത്? കേന്ദ്രം ഉദാരവൽക്കരണം നടപ്പിലാക്കുന്ന സ്ഥിതിക്ക് പുറത്തുള്ള വ്യവസായികൾ വരുന്നതിന് എന്താണ് തടസ്സം?

ശ്രീമതി സുശീലാ ഗോപാലൻ : വിദേശമലയാളികളെ ഇവിടെ വ്യവസായ ഇൻവെസ്റ്റ്മെന്റിന് ക്ഷണിക്കുന്നതിനാണ് വിദേശത്ത് പോയത്. ഇവിടെ കൂടുതൽ ഇൻവെസ്റ്റ്മെന്റ് കണ്ടെത്താൻ കഴിയാത്തതുകൊണ്ട് അതിനു പ്രധാനപ്പെട്ട വ്യവസായികളെ ക്ഷണിച്ചിട്ടുണ്ട്. നമുക്ക് ദോഷം വരാത്ത മേഖലകളെ സംബന്ധിച്ചാണ് പ്രത്യേകമായി ആ കാര്യങ്ങളിൽ ബന്ധപ്പെട്ടത്. പെട്രോകെമിക്കൽസിൽ ഏകദേശം 7,000 കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് ലഭിക്കുന്നതാണ്. അതിന് പല ശ്രമങ്ങളും നടത്തി. പ്രത്യേകിച്ച് ഗൾഫ് രാജ്യത്തിലെ പ്രധാനപ്പെട്ട വ്യവസായികളുമായി ചർച്ച ചെയ്തു. വ്യവസായികളെ ഇവിടെ കൊണ്ടുവരാനുള്ള ശ്രമം നടത്തുന്നു. നമുക്ക് ദോഷം വരാത്ത രൂപത്തിൽ ചെയ്യാൻ കഴിയുമെന്നുള്ളതാണ് വിശ്വാസം. പ്രത്യേകിച്ച് ചെറുകിട വ്യവസായങ്ങൾ ഇവിടെ തുടങ്ങുന്നതാണ്. ഇടത്തരം വ്യവസായങ്ങൾ തുടങ്ങാൻ വിദേശ മലയാളികൾ പലരും ഇവിടെ ഇൻവെസ്റ്റ്മെന്റ് നടത്താൻ പരിശ്രമിക്കുന്നുണ്ട്. അവർ വരുന്നത് നമുക്ക് ഒരിക്കലും ദോഷം ചെയ്യുകയില്ല. ഗൾഫ് രാജ്യങ്ങളിലൊക്കെ സാധനങ്ങൾ നമുക്ക് വിറ്റഴിക്കാൻ കഴിയും. അതുപോലെ കഴിയുന്നത്ര സാധനങ്ങൾ വിദേശത്ത് കയറ്റി അയക്കാനും ഇന്നത്തെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് പരിശ്രമം നടത്തുന്നതാണ്.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : ചില സംസ്ഥാനങ്ങളിൽ ചെറുകിട വ്യവസായങ്ങളേയും വ്യവസായ സ്ഥാപനങ്ങളേയും സഹായിക്കുന്നതിന് ചെറുകിട വ്യവസായ വികസന ബാങ്ക് എന്ന സ്ഥാപനം ആരംഭിക്കുകയും ഫലപ്രദമായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. കേരളത്തിൽ ചെറുകിട വ്യവസായ വികസന ബാങ്ക് രൂപീകരിക്കാൻ ആവശ്യമായ രീതിയിൽ പ്രവർത്തനം സംഘടിപ്പിച്ച് ഈ മേഖലയിൽ സാമ്പത്തിക ഇടപാട് നടത്തുന്നതിനുവേണ്ട ബോധപൂർവ്വമായ പ്രവർത്തനം നടത്താൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇപ്പോൾ ചെറുകിട വ്യവസായ ബാങ്കുണ്ട് (സിഡ്ബി) അവരുമായി ബന്ധപ്പെട്ട് ഈ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.